വേണ്ടി വന്ന പാവപ്പെട്ട തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളുമാണ് അവിടെ താമസിക്കുന്നത്. അവർ നഷ്ടപ്പെട്ട വീടുകൾ നന്നാക്കിയെടുക്കുന്നതിനുപോലും സാമ്പത്തിക ശേഷിയുള്ളവരല്ല. വളരെ ക്രൂരമായ അക്രമണം നടത്തിയ ആ സംഘങ്ങളിലെ മുഴുവൻ ആളുകളെയും അറസ്റ്റു ചെയ്യണം. കുറച്ച് ആളുകളെ പിടിച്ചിട്ടുണ്ട്. ബാക്കിയുള്ള മുഴുവൻ ആളുകളേയും അറസ്റ്റു ചെയ്യണം. ഇവിടെ ഇപ്പോഴും ഒരു ഭീകര അന്തരീക്ഷം നിലനിൽക്കുകയാണ്. ഞങ്ങളോടു പോലും എല്ലാ കാര്യങ്ങളും പറയാൻ അവർക്ക് പേടിയായിരുന്നു. ഈ അക്രമികളെ മുഴുവൻ അറസ്റ്റു ചെയ്യാനും മാതൃകാപരമായി ശിക്ഷിക്കാനുമുള്ള നടപടിയുണ്ടാകണം. ഇവർ പാവപ്പെട്ട കൂലിവേലക്കാരായ തൊഴിലാളികളായതുകൊണ്ട് അവരെ പുനരധിവസിപ്പിക്കുന്ന എന്തെങ്കിലും സഹായം നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്നു ഞാൻ ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വീടുകൾ കൊള്ളയടിക്കപ്പെട്ടു. വിവാഹാവശ്യങ്ങൾക്കുവേണ്ടി വച്ചിരുന്ന പണവും സ്വർണ്ണാഭരണങ്ങളുമൊക്കെ അവർ മോഷ്ടിച്ചുകൊണ്ടു പോയിട്ടുണ്ട്. അതുകൊണ്ട് ആ പാവപ്പെട്ട ആളുകളെ സാമ്പത്തികമായി സഹായിക്കുന്നതിന് കൂടി ഗവൺമെന്റ് തയ്യാറാകണം. അക്രമികളെ പൂർണ്ണമായും അറസ്റ്റു ചെയ്യുന്നതിനുള്ള നടപടികളുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആളുകൾ വളരെ പാവപ്പെട്ടവരാണ്. കൊല്ലം തെന്മല ഡാം സൈറ്റിലും പരിസരപ്രദേശങ്ങളിലും സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി. തൊഴിലാളികളാണ് ജോലി ചെയ്തു വന്നിരുന്നത്. നിലവിലുള്ള വ്യവസ്ഥകൾ ലംഘിച്ച് ബി.എം.എസ്.കാർ തൊഴിലെടുക്കാൻ രംഗത്തു വന്നതുമായി ബന്ധപ്പെട്ട് 20.1.2000-ന് ബി.എം.എസ്, സി.ഐ.ടി.യു. പ്രവർത്തകർ തമ്മിൽ വഴക്കും കയ്യേറ്റവുമുണ്ടായി. ഇതു സംബന്ധിച്ച് തെന്മല പോലീസ് സ്റ്റേഷനിൽ ഇരു വിഭാഗങ്ങൾക്കുമെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. അതിനെത്തുടർന്ന് 15.2.2000-ന് ബി.ജെ.പി. പ്രവർത്തകർ ഡാം സൈറ്റിലുള്ള കോളനിയിൽ ഏതാനും വീടുകൾക്ക് നേരെ കല്ലെറിയുകയും പടക്കം പൊട്ടിച്ച് കേടു പാടുകൾ വരുത്തുകയും ചെയ്തു. കുളത്തുപ്പുഴയിൽ സി.പി.ഐ.(എം) അനുഭാവിയായ സന്തോഷിന്റെ വീടും ബി.ജെ.പി.കാർ തകർത്തു. ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടന്നു വരുന്നു. എട്ടു ബി.ജെ.പി. പ്രവർത്തകരെ അറസ്റ്റു ചെയ്തിട്ടുണ്ട്. സ്ഥലത്ത് ശക്തമായ പോലീസ് ബന്തവസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ സ്ഥിതി ശാന്തമാണെന്നാണ് അറിയുന്നത്. ജനങ്ങളുടെ സൈരജീവിതം ഉറപ്പുവരുത്താൻ ശക്തമായ നടപടി സ്വീകരിക്കുകയും തെന്മലയിലും പരിസര പ്രദേശത്തും സമാധാനം ഉറപ്പു വരുത്താനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) യൂത്ത് ഫ്രണ്ട് പ്രവർത്തകർ നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. ടി.എം. ജേക്കബ് : സർ, ഞങ്ങളുടെ പാർട്ടിയുടെ യുവജനവിഭാഗമായ യൂത്ത് ഫ്രണ്ട് ഇന്ന് സെക്രട്ടേറിയറ്റിനു മുമ്പിൽ ഒരു മാർച്ച് നടത്തുകയാണ്. അവർ ഉന്നയിക്കുന്ന മൂന്നു കാര്യങ്ങൾ-(ഒന്ന്) പെൻഷൻ പ്രായം ഇപ്പോൾ സർവ്വീസിലുള്ള ആളുകളുടേത് 55 വയസ്സാണ്. അത് 58 വയസ്സായി

LIBRARY ARCHIVES Kerala Legislative Assembly

ഉയർത്താനുള്ള ഒരു നീക്കം ഗവൺമെന്റ് ഭാഗത്തു നിന്നുണ്ടാകുന്നുണ്ട് എന്നു പരക്കെ സംസാരം വന്നിരിക്കുന്നു. ഇവിടെ തൊഴിലില്ലാത്ത യുവജനങ്ങൾ ഒട്ടേറെയുള്ള സാഹചര്യത്തിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാതെ പെൻഷൻ പ്രായം 58 വയസ്സാക്കി ഉയർത്തുമ്പോൾ സ്വാഭാവികമായി നിയമനം കിട്ടേണ്ട യുവജനങ്ങൾക്ക് നിയമനം കിട്ടാതെ വരുന്ന സാഹചര്യമുണ്ടാകും. സർക്കാരിനെ അനുകൂലിക്കുന്ന സർവ്വീസ് സംഘടനകളും ഈ കാര്യംതന്നെ ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ

[10.00 A.M]

അതിന്മേൽ അനുകൂലമായ വിധി അതായത് 58 വയസ്സായി ഉയർത്താനുള്ള തീരുമാനം ഗവൺമെന്റ് ഭാഗത്തു നിന്നുണ്ടാകുമെന്നാണ് മനസ്സിലാക്കുന്നത്. ഇതെക്കുറിച്ചുള്ള ഗവൺമെന്റിന്റെ സമീപനം അറിയാൻ ആഗ്രഹിക്കുന്നു. അങ്ങനെയുള്ള നടപടികൾ സ്വീകരിക്കരുതെന്നാണ് യുവജന സംഘടനകൾ ആവശ്യപ്പെട്ടിരിക്കുന്നത്. മറ്റൊന്ന് പി.എസ്.സി.യിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധക്ഷണിക്കലിനു മറുപടി പറഞ്ഞ കൂട്ടത്തിൽ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. പി.എസ്.സി.യിൽ 85 ലക്ഷം ആപ്ലിക്കേഷൻസ് കെട്ടിക്കിടപ്പുണ്ട്. ഇത് 1997 മുതൽ 1999 വരെയുള്ള മൂന്നു വർഷങ്ങളിലേതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലം മുതൽ വന്ന അപേക്ഷകളിൽ ഏകദേശം 10 ലക്ഷം അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്. അങ്ങനെ 95 ലക്ഷം അപേക്ഷകൾ ഇപ്പോൾ പി.എസ്.സി.യിൽ ഉണ്ട്. മുഖ്യമന്ത്രി പറഞ്ഞു അവർ എപ്പോഴും ക്ലാർക്കിനെ ചോദിക്കുന്നുവെന്ന്. കമ്പ്യൂട്ടറൈസേഷൻ കൊണ്ട് പരിഹരിക്കുവാൻ കഴിയുമെന്ന് പറഞ്ഞു. കമ്പ്യൂട്ടറൈസേഷൻ കൊണ്ടും പരിഹരിക്കുവാൻ കഴിയുമെന്ന് തോന്നുന്നില്ല. 1999-ൽ പി.എസ്.സി. ചെയർമാനടക്കമുള്ളവർ മുഖ്യമന്ത്രിയെ കണ്ട് ആവശ്യപ്പെട്ടു, രണ്ടുവർഷത്തേയ്ക്ക് കുറച്ച് അഡീഷണൽ പോസ്റ്റ് കൊടുക്കാമെങ്കിൽ ഓരോ വർഷവും 30 ലക്ഷം വീതം ആപ്ലിക്കേഷൻസ് ഡിസ്പോസ് ചെയ്യാൻ സാധിക്കും. ആ പ്രൊപ്പോസൽ അംഗീകരിക്കാതെ ഇവിടത്തെ യുവജനങ്ങൾക്ക് കിട്ടേണ്ട ഒരു അവസരം, ഏകദേശം ഒരു കോടിയോളം അപേക്ഷകൾ പെന്റിംഗിൽ കിടക്കുന്ന സാഹചര്യത്തിൽ ഇതിനു പരിഹാരമുണ്ടാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കാത്തതിലുള്ള പ്രതിഷേധം അവർ രേഖപ്പെടുത്തുന്നുണ്ട്. മറ്റൊന്ന് ഞങ്ങളുടെ യുവജന പ്രവർത്തകർക്ക് എതിരെ എടുത്തിരിക്കുന്ന കള്ളക്കേസുകളാണ്. രണ്ട് ഇൻസിഡന്റ്സ് ഞാൻ പറയാം.

(ഒന്ന്) 3-ാം തീയതി യു.ഡി.എഫ്. നേതാക്കന്മാരുടെ നേതൃത്വത്തിൽ ഇലക്ഷൻ കമ്മിഷൻ ഓഫീസിന് മുന്നിലേയ്ക്ക് നടത്തിയ മാർച്ചിൽ ഞാനടക്കമുള്ള ആളുകൾക്ക് പരിക്കുപറ്റി. ഇത് പോലീസിന്റെ ബലപ്രയോഗം മൂലമുണ്ടായതാണ്. മാർച്ച് കഴിഞ്ഞതിനുശേഷം മടങ്ങിയ അഞ്ച് യുവജനപ്രവർത്തകരെ തമ്പാനൂർ ബസ്റ്റാന്റിൽ നിന്ന് അറസ്റ്റ് ചെയ്തിട്ട് വൈകുന്നേരംവരെ വച്ചുകൊണ്ട് സിറ്റിക്കകത്ത് എവിടെയൊക്കെ ഇൻസിഡന്റ്സുണ്ടായോ ആ കൈമുകൾ ഒന്നിച്ചിട്ട് Public Property Destruction ആക്റ്റും കൂടിയിട്ട് സന്ധ്യയായപ്പോൾ കോടതിയിൽ ഹാജരാക്കി. 7-ാം തീയതിവരെ അവരെ റിമാന്റ് ചെയ്തു. അവർ പുറത്തിറങ്ങി. വേറെ ഒരു വിഭാഗം യുവജന പ്രവർത്തകർ മുഖ്യമന്ത്രിയുടെ കോലം സെക്രട്ടേറിയറ്റിന് മുമ്പിൽ കത്തിച്ചു. അവിടെ ഒരു ഉന്തോ തള്ളോ പോലീസ് ബലപ്രയോഗമോ ഒരു പ്രശ്നവുമുണ്ടായിട്ടില്ല. മുഖ്യമന്ത്രിയുടെ കോലം കത്തിച്ചുവെന്നുള്ളതേയുള്ളൂ. സ്ത്രീകളടക്കമുള്ള കുറെ ആളുകളെ പിടിച്ച് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. അതുകഴിഞ്ഞ് 11 പേരുടെ പേരിൽ Public Property Destruction Act-അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കേസ് എടുത്തു. 3-ാം തീയതി നടന്ന സംഭവത്തിലും കേസ് എടുത്തിരിക്കുകയാണ്. ഒരാൾ 6-ാം തീയതിയാണ് ഗൾഫിൽ നിന്നും ഇവിടെ വന്നത്. 3-ാം തീയതി ഗൾഫിലുണ്ടായിരുന്ന ആൾ ഈ കേസിൽ പ്രതിയാണ്. കള്ളക്കേസ് എടുക്കുന്നുവെന്നുള്ളതിന് ഇതിൽ കൂടുതൽ ഒരു തെളിവ് വേണമോ? സ്റ്റേറ്റിൽ മുഖ്യമന്ത്രിയുടെ കോലം കത്തിക്കാൻ പാടില്ലേ? എത്രപേരുടെ കോലം എത്ര യുവജനപ്രസ്ഥാനങ്ങൾ കത്തിക്കുന്നു? മുഖ്യമന്ത്രിയുടെ കോലം കത്തിച്ചാൽ അത് Public Property Destruction ആക്റ്റിൽപെടുമോ? പബ്ലിക് പ്രോപ്പർട്ടിയാണോ മുഖ്യമന്ത്രിയുടെ കോലം? കള്ളക്കേസ് എടുക്കുന്നതിന് ഒരു ന്യായവും ഒരു മര്യാദയുമൊക്കെ വേണ്ടേ? അനാവശ്യമായി കള്ളക്കേസ്സെടുക്കുന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഈ കാര്യത്തിൽ ന്യായമായ ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് യാതൊരു നിർദ്ദേശങ്ങളും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന് ചില സർവ്വീസ് സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരിപക്ഷം യുവജനപ്രസ്ഥാനങ്ങളും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് യുവജനപ്രസ്ഥാനങ്ങളുടെ ആശങ്കകൾകൂടി കണക്കിലെടുത്ത് മാത്രമേ സർക്കാർ എന്തെങ്കിലും തീരുമാനമെടുക്കുകയുള്ളൂ. പെൻഷൻപ്രായം 58 വയസ്സായി ഉയർത്തുമെന്ന് സംസാരമുണ്ടെങ്കിലും തീരുമനമെടുത്തിട്ടില്ല. ക്രീമിലെയർ കേസിലെ സുപ്രീംകോടതി വിധിയെത്തുടർന്ന് പ്രസ്തുത പരിധിയിൽ വരുന്ന നിയമനം ഇതുസംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ ലഭിക്കുന്നതുവരെ നിർത്തിവയ്ക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് 17.12.1999-മുതൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന്റെ ഇടക്കാല റിപ്പോർട്ടിൽ അഭിപ്രായപ്പെട്ട പ്രകാരം ഹൈക്കോടതി അംഗീകരിച്ച ജോസഫ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നിയമനങ്ങൾ പുനരാരംഭിക്കാൻ ഫെബ്രുവരി 16-ന് ഉത്തരവിട്ടിട്ടുണ്ട്. ഇപ്പോൾ പി.എസ്.സി. വഴിയും അല്ലാതെയുമുള്ള നിയമനങ്ങൾക്ക് യാതൊരു തടസ്സവുമില്ല. വിവിധ വകുപ്പുകളിൽ നിലവിലുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനും നിയമനങ്ങൾ ത്വരിതപ്പെടുത്തുവാനും എല്ലാ മേഖലകളിലും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കള്ളക്കേസ്സുകൾ പിൻവലിക്കണമെന്ന് പറഞ്ഞ് ന്യായമായ നടപടികൾ സ്വീകരിച്ച് നിയമവിധേയമായി അതിന്റെ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഉടുമ്പൻചോല താലൂക്കിലെ ചെമ്മണ്ണാർ എന്നസ്ഥലത്ത് നിർമ്മിച്ചിരുന്ന സ്റ്റേജും കൊടിതോരണങ്ങളും നശിപ്പിക്കപ്പെട്ട സംഭവം

ശ്രീ. എ.കെ. മണി : സർ, ഇടുക്കി ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡന്റ് ശ്രീ. ഇ.എം. അഗസ്തി നയിക്കുന്ന പദയാത്ര ഇടുക്കി ജില്ലയിൽ മൊത്തം നടക്കുകയാണ്. ഉടുമ്പൻചോല ചെമ്മണ്ണാർ എന്ന സ്ഥലത്ത് വന്നപ്പോൾ മാർക്സിസ്റ്റ് പാർട്ടി നേതാക്കളെങ്കിലും ആ പ്രവർത്തകരോട് പറയണ്ടേ ഇങ്ങനെയൊന്നും ചെയ്യരുതെന്ന്. സംസ്ഥാനത്തൊട്ടാകെ ഇതുതന്നെയാണ് സംഭവിക്കുന്നത്. കോൺഗ്രസ്സുകാർക്ക് ജാഥ നടത്താൻ പാടില്ല, പദയാത്ര നടത്താൻ പാടില്ല, പ്രസംഗിക്കാൻ പാടില്ല, ജനകീയ സമരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly